# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്
## 2023 -24 ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

**വകുപ്പ് മന്ത്രി** : **ശ്രീ. പിണറായി വിജയൻ**
**ബഹു. കേരള മുഖ്യമന്ത്രി**

**വകുപ്പ് സെക്രട്ടറി** : **ഡോ.വേണു.വി. ഐ എ എസ്**
(**അഡീഷണൽ ചീഫ് സെക്രട്ടറി**)
(01.02.2021 **മുതൽ** 30.06.2023 **വരെ**)

**ഡോ.രത്തൻ.യു.കേൽക്കർ ഐ എ എസ്**
(**സെക്രട്ടറി**)
(01.07.2023 **മുതൽ തുടരുന്നു**)

**ഡയറക്ടർ** : **ശ്രീ. സുനീൽ പമിടി**, **ഐ എഫ് എസ്**
(02.07.2021 (on deputation)**മുതൽ** തുടരുന്നു)

പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് സ.ഉ.(കൈ) No.10/2006/പൊ.ഭ.വ തീയതി 06.01.2006 പ്രകാരം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്ന് പരിസ്ഥിതി വകുപ്പ് രൂപീകരിച്ചു. തുടർന്ന് പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി (EMAK) രൂപം കൊള്ളുകയും ഏജൻസിയുടെ ഡയറക്ടർ പരിസ്ഥിതി ഡയറക്ടറേറ്റ് എന്ന ആശയം നടപ്പിൽ വരുത്തുവാനായി പദ്ധതി രൂപരേഖ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18.12.2010 തീയതിയിലെ ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ) No.06/10/പരി. പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് എന്ന പുതിയ ഡയറക്ടറേറ്റ് നിലവിൽ വരുകയും ചെയ്തു.

കേന്ദ്ര സംസ്ഥാന പരിസ്ഥിതി വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ദേശീയ കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിനും വകുപ്പിന് പ്രത്യേക അധികാരമുണ്ട്. പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണ നിയമ പരിധിയിലുള്ള വിഷയങ്ങളിലെ അന്വേഷണവും അനുയോജ്യ പ്രവർത്തികളുടെ ആവിഷ്കരണവും, പരിസ്ഥിതി സംബന്ധിച്ച പദ്ധതികളുടെ സൂക്ഷ്മ നിരീക്ഷണം, ഏകോപനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഡയറക്ടറേറ്റ് ചെയ്തു വരുന്നു.

**വകുപ്പ് ഘടന**

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ മേധാവി ഡയറക്ടർ ആകുന്നു. ഡയറക്ടർ ഉൾപ്പെടെ അംഗീകരിക്കപ്പെട്ട 20 തസ്തികകളാണുള്ളത്. പ്രസ്തുത തസ്തികകളിലായി 20 സ്ഥിരം ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (Secretariat Cadre Post) | 1 |
| 3 | എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, | 1 |
| | | |

| | | |
|---|---|---|
| 4 | എൻവയോൺമെന്റൽ എഞ്ചിനിയർ | 1 |
| 5 | എൻവയോൺമെന്റൽ സയിന്റിസ്റ്റ് | 2 |
| 6 | എൻവയോൺമെന്റൽ ഓഫീസർ | 2 |
| 7 | അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ | 2 |
| 8 | ഫിനാൻസ് ഓഫീസർ (Secretariat Cadre Post) | 1 |
| 9 | ഹെഡ് അക്കൗണ്ടന്റ് | 1 |
| 10 | ക്ലാർക്ക് | 2 |
| 11 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 12 | എൽ.ഡി ടൈപ്പിസ്റ്റ്, | 2 |
| 13 | ഡ്രൈവർ | 1 |
| 14 | ഓഫീസ് അറ്റൻഡന്റ് | 2 |

**ഘടനാപരമായ സ്ഥിതി**

അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ, എൻവയോൺമെന്റൽ ഓഫീസർ, എൻവയോൺമെന്റൽ സയിന്റിസ്റ്റ്, എൻവയോൺമെന്റൽ എഞ്ചിനിയർ, എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, എന്നീ സാങ്കേതിക തസ്തികകളിൽ സ്ഥിരം ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, എന്നീ തസ്തികകളിലും സ്ഥിര നിയമനം ലഭിച്ച ജീവനക്കാരാണുള്ളത്. ഹെഡ്അക്കൗണ്ടന്റ് തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിലുള്ള ജീവനക്കാരനാണുള്ളത്. ആശ്രിത

നിയമനങ്ങളൊന്നും നടത്തേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. ഈ വകുപ്പിൽ ഈ വർഷം വിരമിക്കുന്ന ജീവനക്കാർ ആരും തന്നെ ഇല്ല. കൂടാതെ ഈ വകുപ്പിൽ നിന്നും ഒരു ജീവനക്കാരെയും പിരിച്ചു വിടുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടില്ല.

## 2023-24 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾ

2023-24 വർഷം ഈ വകുപ്പിന് വിവിധ ഇനങ്ങളിലായി ലഭിച്ച സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | തുക (ലക്ഷത്തിൽ ) | പുന:ക്രമീകരിച്ച തുക (ലക്ഷത്തിൽ ) | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| 1 | 3435-60-800-99 - **പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ** | 50 | +15 | 60.82 |
| 2 | 3435-03-003-98 - **പരിസ്ഥിതി അവബോധനവും പ്രോത്സാഹനവും** | 150 | - | 59.19 |
| 3 | 3435-03-103-99 - **പരിസ്ഥിതി ഗവേഷണവും വികസനവും** | 200 | - | 65.90 |
| 4 | 3435-04-104-99 - **പരിസ്ഥിതി ആഘാതം വിലയിരുത്തൽ** | 160 | - | 139.35 |
| 5 | 3435-04-104-98 - **കാലാവസ്ഥാ വ്യതിയാനം** | 208 | -15 | 20.08 |
| 6 | 3435-03-102-87-**കേരള തീരദേശ പരിപാലന അതോറിറ്റി** | 110 | - | 78 |
| 7 | 343503-103-97 **കാലാവസ്ഥ അനുരൂപ കൃഷി രീതി** | 30 | - | 11.99 |
| 8 | 3435-03-101-89- **സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള** | 170 | - | 74.98 |
| 9 | 3435-03-101-87- (2) **സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള** | 40 | - | 12.13 |
| 10 | 3435-60-800-95- കേരള സംയോജിത തീരദേശ പരിപാലന കേന്ദ്രം | 20 | - | - |
| | **ആകെ** | **1138** | | **522.44** |

## 2023-24 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾ

2023-24 വർഷം ഈ വകുപ്പിന് വിവിധ ഇനങ്ങളിലായി ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | ഇനം | **കേന്ദ്ര** വിഹിതം (**ലക്ഷത്തിൽ** |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3435-03-101-87(2)-**സംസ്ഥാന തണ്ണീർത്തട അതോറിറ്റി** | സംസ്ഥാന വിഹിതം | 60 |
| | | ഭരണാനുമതി ലഭിച്ച തുക | |
| 2 | 3435-60-800-95-<br>കേരള സംയോജിത തീരദേശ പരിപാലന കേന്ദ്രം | സംസ്ഥാന വിഹിതം | 80 |
| | | ഭരണാനുമതി ലഭിച്ച തുക | |

<u>3435-60-800-99 പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ : 50 ലക്ഷം രൂപ</u>

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രായോഗിക ക്ഷമത വിലയിരുത്തുന്നതിലും ഇവയെ സമൂഹവുമായും വിദ്യാഭ്യാസ ശാസ്ത്രമേഖലകളുമായും സംയോജിപ്പിച്ച് പ്രസക്തമായ പരിസ്ഥിതി സംരക്ഷണ പദ്ധതിയുടെ രൂപരേഖ വികസിപ്പിച്ചെടുക്കുന്നതിനാണ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഊന്നൽ നൽകുന്നത്.

പരിസ്ഥിതി പരിരക്ഷണ വിഷയങ്ങളിന്മേൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക, മുൻഗണന നിശ്ചയിക്കുക, ഇത്തരം പദ്ധതികളുടെ തുടർ സംരക്ഷണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുകക തുടങ്ങിയവ ഇതിൽപ്പെടുന്നു. ഈ കാര്യാലയത്തിലെ പദ്ധതികളുടെ രൂപീകരണത്തിനും ഏകോപനത്തിനും നടത്തിപ്പിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള ഭരണപരമായ ചെലവുകൾക്കും ഭൗതിക സൗകര്യ വികസനങ്ങൾക്കും പ്രസ്തുത ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്ന 50 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവാക്കിയതിനു പുറമെ '3435-04-104-98-കാലാവസ്ഥാ വ്യതിയാനം' എന്ന ശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപ ധനപുനർവിനിയോഗം മുഖേന പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തുകയും ചെയ്തു. ടി തുക ഉൾപ്പെടെ ആകെ 65 ലക്ഷം രൂപയിൽ നിന്നും 60.82 ലക്ഷം രൂപ ചെലവഴിച്ച് 93.57% പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

2. <u>3435-03-003-98 പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും: 150 ലക്ഷം രൂപ</u>

പരിസ്ഥിതിയുടെ നിലനിൽപ്പിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കാനും അവയുടെ സംരക്ഷണം ഉറപ്പാക്കാനും പരിസ്ഥിതി അവബോധം അത്യന്താപേക്ഷിതമാണ്. ആയത് കൈവരിക്കുന്നതിന് വിദ്യാഭ്യാസ പരിപാടികളും, അവബോധന പ്രവർത്തനങ്ങളും പ്രധാന ഉപാധികളാണ്. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടു മുതൽ ഉന്നത തലം വരെയുള്ള വിഭാഗത്തെ പ്രബുദ്ധരാക്കിയാൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ. പരിശീലന പരിപാടികൾ ശില്പശാലകൾ, പരിസ്ഥിതി സംബന്ധിയായ ഡോക്യുമെന്ററികളുടേയും ചിത്രങ്ങളുടേയും പ്രദർശനം, പരിസ്ഥിതി പ്രാധാന്യമുള്ള ദിനാചരണങ്ങൾ, പരിസ്ഥിതി ക്ലബ്ബുകൾ എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കാം വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഭൂമിത്രസേന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിന്റെ E-governance-ന്റെ ഭാഗമായും, ഭൂമിത്രസേന ക്ലബ്ബുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും വേണ്ടി ഒരു വെബ് പോർട്ടലും, മൊബൈൽ ആപ്പും തയ്യാറാക്കി പ്രവർത്തനമാരംഭിച്ചു. ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, പോർട്ടലിന്റെ ഭാഗമാക്കാനുമുള്ള തെക്കൻ, മദ്ധ്യ, വടക്കൻ മേഖല തിരിച്ചുള്ള ഭൂമിത്രസേന ഫാക്കൽറ്റി-ഇൻ-ചാർജുകൾക്കുള്ള ഏകദിന പരിശീലന പരിപാടി വിജയകരമായി പൂർത്തീകരിക്കുകയും, 300-യോളം ക്ലബ്ബുകളുടെ ചുമതലയുള്ള അദ്ധ്യാപകർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുള്ളതാകുന്നു. 107 ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

വിലയിരുത്തി ആകെ 8,09,939/- രൂപ വാർഷിക ആവർത്തന മൂലധനമായി നൽകി. കൂടാതെ, അവയിൽ ഓരോ മേഖലയിലെയും 'Best BMC Awards'-നു അർഹരായവരെയും, പുതിയ ഭൂമിത്രസേന ക്ലബ്ബുകളെയും തിരഞ്ഞെടുക്കുന്നതിനുമുള്ള തയാറെടുപ്പുകൾ നടന്നു വരുന്നു. UN പ്രഖ്യാപിച്ചതും അല്ലാത്തതുമായ പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുന്നതിനുള്ള സാമ്പത്തിക സഹായം തിരഞ്ഞെടുക്കപ്പെട്ട 23 ക്ലബ്ബുകൾക്ക് അനുവദിച്ചു. ഈ വർഷം ഭൂമിത്രസേന ക്ലബ്ബുകൾകളിലെ വിദ്യാർത്ഥി അംഗങ്ങൾക്കായി 'Young Reporters of the Environment' എന്ന ഉപന്യാസ-വീഡിയോ മത്സരം നടത്തി.

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ നിന്നും 59.19 ലക്ഷം രൂപ ചെലവഴിച്ച്. 39.46% പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

3. <u>3435-03-103-99: പരിസ്ഥിതി ഗവേഷണവും വികസനവും-200 ലക്ഷം രൂപ</u>

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ലഭ്യമാകുന്ന ഗവേഷണ പ്രോജക്റ്റുകൾ ഒരു വിദഗ്ധ സമിതി വിലയിരുത്തിയശേഷമാണ് അവയ്ക്ക് വേണ്ട സാമ്പത്തിക സഹായം നല്കി വരുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ തുടർന്നു വരുന്ന ഗവേഷണ പദ്ധതികൾക്ക് തുടർസഹായം നൽകി വരുന്നു. തെരെഞ്ഞെടുത്ത ഗവേഷക വിദ്യാർത്ഥികൾക്കും പരിസ്ഥിതി പോഷിണി ഫെല്ലോഷിപ്പ് നൽകി വരുന്നു. ഗവേഷണവും വികസനവും ശീർഷകത്തിൻ കീഴിൽ 5 പദ്ധതികൾ പൂർത്തീകരിച്ചു. ടി ശീർഷകത്തിൻ കീഴിൽ 8 പരിസ്ഥിതിപോഷിണി ഫെല്ലോഷിപ്പും 10 വിദ്യാപോഷിണി ഫെല്ലോഷിപ്പും നൽകിവരുന്നു. പുതിയതായി 4 പേരെ Fellowship നൽകാനായി തെരെഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ സർക്കാരിന്റെ നയരൂപീകരണത്തിനുതകുന്ന വിധത്തിൽ GIS സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയ വിവര ശേഖരണത്തിനും വിശകലനത്തിനും സഹായകരമാകുന്നതിനായി ഡയറക്ടറേറ്റിൽ ആരംഭിച്ച Geospatial Laboratory യുടെ പ്രവർത്തനം തുടർന്നുപോരുന്നുണ്ട്.

2023-24 വർഷത്തിൽ ആകെ 200 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമുണ്ടായിരുന്നതിൽ നിന്നും 65.90 ലക്ഷം രൂപ ചെലവഴിച്ച് 32.95% പദ്ധതി നേട്ടം കൈവരിച്ചിട്ടുണ്ട്.

4. <u>3435-04-104-99 പരിസ്ഥിതി ആഘാതം വിലയിരുത്തൽ -160 ലക്ഷം രൂപ</u>

പരിസ്ഥിതിയും വികസനവും പരസ്പര പൂരകങ്ങളാകയാൽ രണ്ടും കോർത്തിണക്കി കൊണ്ടുള്ള സുസ്ഥിര വികസനത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അതിനാൽ വികസന പദ്ധതികളിൽ ഒഴിച്ചു കൂടാനാവാത്ത ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. അതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള State Environment Impact Assessment Authority(SEIAA) യുടേയും വിദഗ്ധ വിലയിരുത്തൽ സമിതിയായ State Expert Assessment Authority (SEAC) യുടേയും പ്രവർത്തനത്തിനു വേണ്ടിയാണ് ഈ ഫണ്ട് പ്രധാനമായും ഉപയോഗിക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 160 ലക്ഷം രൂപയിൽ 139.35 ലക്ഷം രൂപ ചെലവഴിച്ച് 87.09% നേട്ടം കൈവരിക്കാനായിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക മുഖ്യമായും വിനിയോഗിച്ചിട്ടുള്ളത്.

5. <u>3435-04-104-98 കാലാവസ്ഥാ വ്യതിയാനം -208 ലക്ഷം രൂപ</u>

ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെട്ടിരുന്ന കാലാവസ്ഥവ്യതിയാനം എന്ന വിഷയത്തിന്റെ സ്വാധീനവും ഭവിഷ്യത്തുകളും പ്രാദേശികമായി പ്രകടമായി ക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആയത് മൂലമുള്ള ആഘാതത്തെ ലഘൂകരിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അനിവാര്യമായി തീർന്നിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ സമൂഹസ്ഥിതിയിലും, പരിസ്ഥിതിയിലും സമ്പദ്ഘടനയിലും ഉണ്ടാക്കുന്ന മാറ്റങ്ങളും പ്രശ്നങ്ങളും

വിപത്തുകളും മനസ്സിലാക്കി ആ വിപത്തുകളോട് സമരസപ്പെട്ട് മുന്നോട്ട് പോകുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗരേഖക്കനുസൃതമായി 2023-30 കാലയളവിലേക്കുള്ള പുതുക്കിയ സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേഷ്യം (SAPCC 2.0) തയ്യാറാക്കുകയും ആയതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ അംഗീകാരം ലഭിക്കുകയും ചെയ്തു. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ കാലാവസ്ഥാ വ്യതിയാനം ശീർഷകത്തിൻ കീഴിൽ 2 പദ്ധതികൾ പൂർത്തീകരിച്ചു. ജല ദൗർലഭ്യം നേരിടുന്ന തിരുവനന്തപുരം ജില്ലയിലെ അമ്പൂരി വില്ലേജിൽ കേരള സർവകലാശാല പരിസ്ഥിതി ശാസ്ത്ര വിഭാഗത്തിൻറെ സഹകരണത്തോടെ 100 കിണർ റീചാർജിങ് സംവിധാനം സ്ഥാപിച്ചു. ടി ശീർഷകത്തിൻ കീഴിൽ നിലവിൽ 2 Ujjwal Post Doctoral Fellowship നൽകിവരുന്നു. പുതിയതായി 2 പേരെ Fellowship നൽകാനായി തെരെഞ്ഞെടുത്തിട്ടുണ്ട്. അതിനോടൊപ്പം കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് തുടർന്നുപോരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തിൽ തുടർ ധനസഹായം നൽകിയിട്ടുണ്ട്

2023-24 സാമ്പത്തിക വർഷത്തിൽ '3435-04-104-98 - കാലാവസ്ഥാ വ്യതിയാനം' എന്ന ശീർഷകത്തിൽ അനുവദിച്ച 208 ലക്ഷം രൂപയിൽ നിന്നും '3435-60-800-99 - പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ" എന്ന ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ ധനപുനർവിനിയോഗം മുഖേന വകമാറ്റിയിരുന്നു. ബാക്കിയുള്ള 193 ലക്ഷം രൂപയിൽ 20.07 ലക്ഷം രൂപ ചെലവാക്കി 10.39% നേട്ടം കൈവരിച്ചു.

6. <u>3435-03-102-87: കേരള തീരദേശ പരിപാലന അതോറിറ്റി : 110 ലക്ഷം രൂപ</u>

1986 - ലെ പരിസ്ഥിതി സംരക്ഷണ ആക്ട് പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം രൂപീകരിച്ച സ്വതന്ത്ര അതോറിറ്റിയാണ് കേരള തീരദേശ പരിപാലന അതോറിറ്റി. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളുടെ തീർപ്പുകല്പിക്കൽ, പരാതികളുടേയും നിയമ ലംഘനങ്ങളുടെയും തീർപ്പാക്കൽ, തീരദേശ മേഖലയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ വേർതിരിച്ച് പരിപാലിക്കുക തുടങ്ങിയവയാണ് ഈ അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ.

2023-24 സാമ്പത്തിക വർഷത്തിൽ അതോറിറ്റിയുടെ ദൈനംദിന ചെലവുകൾക്കു പുറമെ ജില്ലാതല കമ്മിറ്റികളുടെ ശക്തിപ്പെടുത്തലിനുവേണ്ടിയും, സുപ്രീംകോടതി, ഹൈക്കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയിലെ സ്റ്റാൻഡിംഗ് കൗൺസിലിന്റെ ഫീസും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മീറ്റിംഗുകൾക്കും സ്ഥല പരിശോധന നടത്തുന്നതിനുവേണ്ടിയും, തീരദേശ പ്രദേശത്തിന്റെ പുന:രുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ട കർമ്മപദ്ധതികൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും വേണ്ടിയാണ് ഈ ഫണ്ട് പ്രധാനമായും ഉപയോഗിക്കുന്നത്. 2019-ലെ തീരദേശ പരിപാലന നിയമം പ്രകാരമുള്ള നടപടികൾ പൂർ ത്തിയാക്കുന്നതിനായി CZMP പബ്ലിക് ഹിയറിംഗ്, കരട് പ്ലാൻ പ്രിന്റ് ചെയ്യുന്നതിനും, യാത്രാചെലവുകൾക്കും മറ്റും ഇതിനാവശ്യമുള്ള മറ്റു ചെലവുകൾക്കും വേണ്ടി തുക വിനിയോഗിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ 110 ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. ആയതിൽ 77.70 ലക്ഷം ചെലവഴിച്ച് 70.63% നേട്ടം കൈവരിക്കാനായിട്ടുണ്ട്.

7. <u>3435-03-103-97 (കാലാവസ്ഥാ അനുരൂപ കൃഷി രീതി) : 30 ലക്ഷം രൂപ</u>

കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനുതകുന്ന പദ്ധതികളാണ് "കാലാവസ്ഥാ അനുരൂപ കൃഷി രീതികൾ" എന്ന ശീർഷകത്തിന് കീഴിൽ നടന്നുവരുന്നത്. കാലാവസ്ഥാവ്യതിയാനത്തിന് അനുരൂപമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനും, കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്ന വിളയിനങ്ങളുടെ സംരക്ഷണത്തിനും ഉതകുന്ന ഗവേഷണ പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിച്ചു, ആയതിൽ കർഷകർക്ക് പരിശീലനം നൽകി. മുതലമടയിലെ മാങ്ങയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ കാർഷിക മേഖലയെ കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യ വശങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് പഴവർഗ്ഗ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള സർക്കാർ നയത്തിന് അനുസൃതമായ പദ്ധതിയും നടപ്പിലാക്കി വരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതത്തില് 11.99 ലക്ഷം രൂപ ചെലവഴിച്ച് 39.97% നേട്ടം കൈവരിക്കാനായിട്ടുണ്ട്.

8. 3435-60-800-95 - കേരളസംയോജിത തീരദേശ പരിപാലന കേന്ദ്രം (KCICM) : 100 **ലക്ഷം** രൂപ (10%)

2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായാണ് കേന്ദ്ര വിഹിതം അനുവദിച്ചിരുന്നത്. 2023-24 വർഷത്തിൽ ഈ ശീർഷകത്തിനുകീഴിൽ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതമായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു എങ്കിലും, ടി ശീർഷകത്തിൽ കേന്ദ്ര വിഹിതം ഒന്നും തന്നെ ലഭിച്ചിരുന്നില്ല, ആയതിനാൽ പദ്ധതിയിനത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

9. 3435-03-101-89-കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി: 170 ലക്ഷം രൂപ

വൈവിധ്യമാർന്ന തണ്ണീർത്തടങ്ങളുടെ നാശോന്മുഖമായ അവസ്ഥയാണ് പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണം. വൈവിധ്യങ്ങൾ നിറഞ്ഞ ഈ അമൂല്യമായ ആവാസ വ്യവസ്ഥയുടെ സംരക്ഷണം ലക്ഷ്യമിട്ടാണ് തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 പ്രകാരം സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു അതോറിറ്റിയായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്.

കേരളത്തിലെ തണ്ണീർത്തടങ്ങളുടെ പരിസ്ഥിതിയും ജൈവ വൈവിധ്യവും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയുക, തണ്ണീർത്തടങ്ങൾക്ക് ദോഷകരമായി ബാധിക്കുന്ന പ്രവർത്തികൾ നിയന്ത്രിക്കുകയും/തടയുകയും ചെയുക, പ്രധാന തണ്ണീർത്തടങ്ങളുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള പദ്ധതി രൂപരേഖ തയാറാക്കുക, പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തുക, തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടത്തുന്നതിനു വേണ്ട മേൽ നോട്ടം വഹിക്കുക, തണ്ണീർത്തടങ്ങളുടെ വികസനത്തിനായി ദേശീയ കാര്യാലയങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുക, ജല ഗുണ നിലവാരം ഉറപ്പാക്കുക, തണ്ണീർത്തട പരിസ്ഥിതി ശോഷണം തടയുക, പുതിയ തണ്ണീർത്തടങ്ങൾ വിജ്ഞ്ജാപനം ചെയ്യുന്നതിനായി സർക്കാരിനെ സഹായിക്കുക, തണ്ണീർത്തടങ്ങളുടെ അതിർത്തികൾ, വൃഷ്ടി പ്രദേശം എന്നിവ സംബന്ധിച്ച തർക്കം പരിഹരിക്കുക, തണ്ണീർത്തട പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ, തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 പ്രകാരമുള്ള വിജ്ഞാപന നടപടികൾ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉള്ള അവബോധ പ്രവർത്തനങ്ങൾ, പ്രധാന തണ്ണീർത്തടങ്ങളുടെ സംയോജിത മാനേജ്മെൻറ് പ്ലാനുകൾ തയാറാക്കൽ, ലോക തണ്ണീർത്തട ദിനാചരണം, പരിസ്ഥിതി ദിനാചരണം, 'തണ്ണീർത്തട മിത്രങ്ങൾ' എന്ന വോളന്റീയർ പ്ലാറ്റ് ഫോമിൻെറ പ്രവർത്തനങ്ങൾ, കേരളത്തിലെ നിലവിലുള്ള മൂന്നു റാംസാർ തണ്ണീർത്തടങ്ങളിലെ ജല ഗുണ നിലവാര പരിശോധന ഫലങ്ങളും മറ്റു വിവരങ്ങളും പൊതുജനങ്ങൾക്കും വകുപ്പുകൾക്കും ലഭ്യമാക്കുന്നതിനായി വെബ് പോർട്ടൽ തയാറാക്കുന്നതിനായും ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 170 ലക്ഷം രൂപയിൽ 74.98 ലക്ഷം രൂപ ചെലവഴിച്ച് 44.11 % നേട്ടം കൈവരിക്കാനായിട്ടുണ്ട്.

10. 3435-03-101-87-കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (60% CSS): 100 ലക്ഷം രൂപ

വാർഷിക നീർപക്ഷി കണക്കെടുപ്പ്, തുടർച്ചയായ തണ്ണീർത്തട ജല-ചെളി ജീവജാല ഗുണനിലവാര പരിശോധന, ശാസ്താംകോട്ട മത്സ്യ വൈവിധ്യത്തിൻറെ തൽസ്ഥിതി കണക്കെടുപ്പ്, തടാകത്തിൻറെ ആഴത്തെ കുറിച്ചുള്ള പഠനം, വൃഷ്ടി സംരക്ഷണ പദ്ധതി, alternate coir retting methods പദ്ധതി, 20 തണ്ണീർത്തടങ്ങൾ വിജ്ഞ്ജാപനം ചെയ്യുന്നതിനായി Brief Document കൾ

തയ്യാറാക്കൽ, റാംസർ തണ്ണീർത്തടങ്ങളിൽ signage board സ്ഥാപിക്കൽ, വെറ്റ്ലാൻഡ് വെബ് പോർട്ടൽ, 'തണ്ണീർത്തട മിത്രങ്ങൾ' എന്ന വോളന്റീയർ പ്ലാറ്റ് ഫോമിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവക്കായി ഫണ്ട് ചെലവാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ 30,33,020 രൂപ ചെലവഴിച്ച് **30.33%** നേട്ടം കൈവരിക്കാനായിട്ടുണ്ട്.

DIRECTOR